# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6708 — 10.07.2014 ൽ മറുപടിക്ക്

## പി.എച്ച്.സി മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>" തോമസ് ഉണ്ണിയാടൻ<br>" സി.എഫ്. തോമസ്<br>" റ്റി.യു. കുരുവിള | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് ആശുപത്രി വരെ ജീവനക്കാർ കൃത്യമായി ജോലിയിൽ ഹാജരാകുന്നത് നിരീക്ഷിക്കുവാനും ആവശ്യമായ ഔഷധങ്ങൾ ആശുപത്രികളിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തുവാനും മരുന്നിന്റെ വിതരണത്തിലെ പാളിച്ചകൾ പരിഹരിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലൂടെ ജീവനക്കാരുടെ ഹാജർ നിരീക്ഷിക്കാനാകും. അവശ്യ മരുന്നുകളുൾപ്പെടെയുള്ള മരുന്നുകൾ ഉണ്ടെന്ന് ഉറപ്പുവരുത്താനും മരുന്നു വിതരണം കാര്യക്ഷമമായി നടപ്പിലാക്കാനും കെ.എം.എസ്.സി.എല്ലുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. കെ.എം.എസ്.സി.എൽ മുഖാന്തിരമാണ് എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും മരുന്നു വിതരണം നടത്തുന്നത്.<br>ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ കൃത്യമായി ജോലിയ്ക്കു ഹാജരാകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ചുമതല അതാതു സ്ഥാപന മേധാവികൾക്കാണ്. കൂടാതെ, എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാരും ആരോഗ്യവകുപ്പിന്റെ വിജിലൻസ് വിഭാഗവും മിന്നൽ പരിശോധന നടത്തുകയും അനധികൃതമായി ജോലിയ്ക്കു ഹാജരാകാത്ത ജീവനക്കാർക്കെതിരെ നടപടിയെടുക്കുകയും ചെയ്യാറുണ്ട്. സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാമരുന്നുകൾ എല്ലാം തന്നെ ലഭ്യമാണ്. ജീവിതശൈലി രോഗങ്ങൾക്ക് വേണ്ടിയുള്ള മരുന്നുകളുടെ ദൗർലഭ്യം |

പരിഹരിക്കാൻ ആശുപത്രി മേധാവികൾക്ക്, RSBY Fund വിനിയോഗിച്ചുകൊണ്ട്, local purchase ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു കൂടാതെ, സർക്കാർ ഒരു കോടി രൂപ, മരുന്നിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ആരോഗ്യവകുപ്പിന് നൽകിയിട്ടുണ്ട്.

(ബി) ക്രമാതീതമായി വർദ്ധിച്ച് വരുന്ന ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും വ്യക്തി ശുചിത്വവും പരിസരശുചിത്വവും പാലിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും ആറ് മാസത്തിൽ ഒരിക്കൽ ഗവൺമെന്റ് ആശുപത്രിയോട് ചേർന്നുള്ള സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ബോധവൽക്കരണ സെമിനാറുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി) മാറിവരുന്ന ജീവിതസാഹചര്യങ്ങൾക്കനുസൃതമായി ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ച് വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആഹാരക്രമത്തിൽ വന്ന പാശ്ചാത്യവത്കരണം, വ്യായാമക്കുറവ്, ഉയർന്ന മാനസിക സമ്മർദം, മദ്യം, മയക്കുമരുന്ന്, പുകയില തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവ നമ്മുടെ സമൂഹത്തിനെ ജീവിത ശൈലീ രോഗങ്ങളുടെ പിടിയിലേക്ക് എത്തിച്ചിരിക്കുകയാണ്. ഇതിനെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് നടപ്പിലാക്കിയ "അമൃതം ആരോഗ്യം" പദ്ധതി വഴി, രോഗനിർണയവും, ചികിത്സയും, മരുന്നു വിതരണവും നൽകുന്നതോടൊപ്പം ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഊന്നൽ നൽകുന്നു. അച്ചടി മാധ്യമങ്ങളിലൂടെയും ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെയും ജീവിത ശൈലി രോഗങ്ങൾക്കെതിരെയുള്ള ബോധ വത്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, പരസ്യങ്ങൾ തുടങ്ങിയവ നടത്തിവരുന്നു. ഇങ്ങനെ സംഘടിപ്പിക്കപ്പെടുന്ന ബോധ വത്കരണ പ്രവർത്തനങ്ങളിൽ മറ്റു വിവിധ വകുപ്പുകളുടേയും സന്നദ്ധ സംഘടനകളുടെയും സഹകരണം ആരോഗ്യവകുപ്പ് സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ